# ശിരോ വസ്ത്രവും ചാരവൃത്തിയും തമ്മിലെന്ത്

**സ്ത്രീകളുടെ** ശിരോവസ്ത്രം ഇന്ന് യൂറോപ്യൻ രാജ്യങ്ങൾക്കൊപ്പം കേരളത്തിലും ഏറെ ചർച്ച ചെയ്യപ്പെടുകയാണ്. കേരളീയ മുസ്‌ലിംസ്ത്രീകൾ അനേകം വർഷങ്ങളായി ഉപയോഗിച്ചുവരുന്നതാണ് ശിരോവസ്ത്രം. എന്നാൽ ഈ അടുത്ത കാലത്തായി ആർക്കൊക്കെയോ അതിനോട് അലർജി തോന്നിത്തുടങ്ങിയിരിക്കുന്നു. ഇപ്പോൾ സ്കൂളുകളിൽ തുടങ്ങിയ ഉപരോധം ഇനി മറ്റെവിടേക്കെങ്കിലും വ്യാപിക്കുമോ എന്നാണ് ആശങ്ക. ശിരോവസ്ത്ര അലർജി പോലെത്തന്നെ കേരളീയ മുസ്‌ലിം സമൂഹത്തിന്റെ പൊതുബോധത്തിലേക്ക് പുതിയ വിവാദങ്ങൾ വലിച്ചിഴച്ചുകൊണ്ട് വരാനുള്ള ബോധപൂർവമായ ശ്രമങ്ങളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ആരുടെയൊക്കെയോ ബുദ്ധിയിൽ ഉദിച്ച ലൗ ജിഹാദ് കോലാഹലങ്ങൾ ഇനിയും മറക്കാറായിട്ടില്ല. മാധ്യമങ്ങൾ കേട്ടുകേൾവിയുടെ മാത്രം അടിസ്ഥാനത്തിൽ ലൗ ജിഹാദ് കൊണ്ടാടിയപ്പോൾ, എഴുതിപ്പിടിപ്പിച്ചതെല്ലാം അസത്യമായിരുന്നുവെന്ന് തിരിച്ചറിഞ്ഞപ്പോഴേക്കും വലിയൊരു ജനസമൂഹത്തിന് മുമ്പിൽ അതുണ്ടാക്കിയ മുറിവ് ഏറെ വലുതായിരുന്നു. പിന്നീട് ചോദ്യപേപ്പർ വിവാദം, ചിൻവാദ് പാലം എന്ന പുസ്തക വിവാദം, യൂറോപ്പിനെ ഓർമപ്പെടുത്തുന്ന കേരളത്തിലെ ചില കാർട്ടൂണിസ്റ്റുകളുടെ വരകൾ... ഇങ്ങനെ ആരുടെയൊക്കെയോ അജണ്ട നടപ്പിലാക്കാൻ ചിലർ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. വരാനിരിക്കുന്ന വിവാദങ്ങളിലും ഒരുവശത്ത് മുസ്‌ലിംകളായിരിക്കുമെന്നു തോന്നിപ്പിക്കും വിധം ഈ പ്രവണത വ്യാപകമായിരിക്കുന്നു.

ആഴ്ചകൾക്ക് മുമ്പാണ് കൊൽക്കത്തയിലെ വിമാനത്താവളത്തിൽ വന്നിറങ്ങിയ പർദ ധരിച്ച റഷ്യൻ സ്ത്രീയെ, അവരുടെ ഉയരത്തിൽ സംശയം തോന്നിയതിനെത്തുടർന്ന് വിശദമായ പരിശോധനക്ക് വിധേയയാക്കിയത്. മുംബൈയിൽ മുസ്‌ലിം നാമധാരികൾക്ക് താമസിക്കാൻ ഫ്ളാറ്റു പോലും ലഭിക്കാതായിരിക്കുന്നു. എവിടെയും സംശയത്തിന്റെ മുൾമുനയിൽ നിർത്തുകയാണ് ഒരു സമൂഹത്തെ. സാമ്രാജ്യത്വ അജണ്ട തന്നെ ഇസ്‌ലാം വിരോധത്തിൽ ഊന്നിക്കൊണ്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുസ്‌ലിംകളെ രണ്ടാംനിര പൗരന്മാരായി ചിത്രീകരിക്കാനുള്ള സാമ്രാജ്യത്വ ഗൂഢാലോചനയുടെ തുടർച്ചയാണ് കേരളത്തിലും അടുത്ത കാലത്തായി നടക്കുന്ന സംഭവങ്ങളെന്ന് കാണാൻ പ്രയാസമില്ല. കേരളത്തിന്റെ രാഷ്ട്രീയ രംഗം പോലും ഇപ്പോൾ ക്രൈസ്തവ സഭകളുടെ താൽപര്യത്തിന് നിന്നുകൊടുക്കുന്നു. മാണി–ജോസഫ് കോൺഗ്രസ്സുകളുടെ ലയനം കൊണ്ട് മധ്യ കേരളത്തിൽ പുതിയ ക്രൈസ്തവ ശക്തി രൂപപ്പെടുന്നതിലൂടെ മലബാറിലെ മുസ്‌ലിം ലീഗിനെ മൂന്നാം സ്ഥാനത്തേക്ക് തള്ളി നീക്കാം എന്നുവരെ കണക്കുകൂട്ടി കഴിഞ്ഞു.

കേരളത്തിൽ ഇത്തരം വിവാദങ്ങൾ നടക്കുന്നതിനിടയിലാണ് കഴിഞ്ഞ മാസം ഇസ്‌ലാമാബാദിലെ ഇന്ത്യൻ ഹൈകമീഷൻ നയതന്ത്ര ഉദ്യോഗസ്ഥയായ മാധുരി ഗുപ്തയെ ചാരപ്പണി നടത്തിയെന്ന് കണ്ടെത്തി അറസ്റ്റ് ചെയ്തത്. ഇന്ത്യയുടെ നിരവധി നയതന്ത്ര രഹസ്യങ്ങൾ പാകിസ്താന് വേണ്ടി ചോർത്തി നൽകിയതാണ് ഇവർ ചെയ്ത കുറ്റം. എന്നാൽ ഭരണകൂടം തന്ത്രപരമായി ഈ വിഷയം കൈകാര്യം ചെയ്തപ്പോൾ ആരുമറിയാതെ, വിവാദങ്ങളില്ലാതെ മാധുരി ഗുപ്ത എന്ന വനിതയും അവരുടെ ചാരവൃത്തിയും ചാനലുകളിൽ നിന്നും പത്രത്താളുകളിൽനിന്നും മറഞ്ഞു. മാധുരി ഗുപ്തക്ക് പകരം ഒരു മുസ്‌ലിം പേരുകാരൻ/ കാരിയായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി! ഇത്രയൊന്നും വർഗീയമായി കാര്യങ്ങൾ നോക്കിക്കാണാൻ തുടങ്ങിയിട്ടില്ലാതിരുന്ന ഏതാനും വർഷം മുമ്പത്തെ ചാരക്കഥ ആരും മറന്നിട്ടില്ല. മാലി സ്വദേശികളായ മർയം റഷീദയെയും ഫൗസിയ ഹസനെയും ചാരവനിതകളാക്കി കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ ആഘോഷിച്ചത് പേരിലെ മതം പരിഗണിച്ചു തന്നെയായിരുന്നല്ലോ. എന്നാൽ അതിലും വലിയ തെറ്റ് ചെയ്ത, യഥാർഥത്തിൽതന്നെ ചാരവൃത്തി നടത്തിയ മാധുരി ഗുപ്തയെ മാധ്യമങ്ങൾ കണ്ടില്ലെന്ന് നടിച്ചതിന് പിന്നിലും പേരിലെ മതം തന്നെയാണ് കാര്യം. ലെറ്റർ ബോംബായാലും വിമാനത്തിൽ വെച്ച ബോംബായാലും കലാപങ്ങൾക്ക് പിന്നിലെ ഇടപെടലുകളായാലും ഏറ്റുമുട്ടൽ കൊലകളായാലും മതം കണക്കിലെടുത്ത് പ്രതികൾ മാനസിക വിഭ്രാന്തിയുള്ളവരായി മാറുന്നത് എത്ര പെട്ടെന്നാണ്. ഇതിനൊക്കെ കൂട്ടുനിൽക്കാൻ വലിയൊരു വിഭാഗം മാധ്യമങ്ങളും.

**ബഷീർ മാടാല**

## ഇൻതിസ്വാബും ഗുണകാംക്ഷയും

**എ.ആറിന്റെ** 'ഉന്നം പിഴച്ച ഇൻതിസ്വാബ്' എന്ന ലേഖനം (2010 മെയ് 8) അവസരോചിതമായി. മതം ഗുണകാംക്ഷയും ഇൻതിസ്വാബും (നിവർന്നു നിൽക്കൽ) ആകുന്നത് അല്ലാഹുവിനോടും അവന്റെ റസൂലിനോടും കൂറു പുലർത്തിക്കൊണ്ട് മുസ്‌ലിം സമൂഹത്തിന്റെ ആത്മീയ സംസ്കരണവും കെട്ടുറപ്പും ലക്ഷ്യമാക്കി കർമനിരതരാവുകയും മുഴുവൻ മനുഷ്യസമൂഹത്തിനും അതിന്റെ ഗുണഫലം ലഭ്യമാവുകയും ചെയ്യുമ്പോൾ മാത്രമാണ്. കാലഘട്ടത്തിന്റെ ആവശ്യകതയും സന്ദർഭത്തിന്റെ ഔചിത്യവും ആദർശത്തിന്റെ താൽപര്യവും മുൻനിർത്തി, നന്മയിൽ സഹകരിക്കുകയും തിന്മയിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യുക എന്ന അടിസ്ഥാന തത്ത്വമായിരിക്കണം അതിന് പ്രചോദനമായി വർത്തിക്കേണ്ടത്.

മുസ്‌ലിം സമൂഹത്തിൽ നാൾക്കുനാൾ ഭിന്നിപ്പിന്റെ പുതിയ വിത്തുകൾ പൊട്ടിമുളക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുന്നതിനു പകരം, സമുദായത്തിനിടയിൽ അന്തഃഛിദ്രത സൃഷ്ടിച്ച് മുതലെടുക്കാൻ തക്കം പാർത്തിരിക്കുന്ന ശത്രുക്കളുടെ ഒളിയജണ്ടകൾ സുഗമമാക്കിക്കൊടുക്കാൻ മതനേതാക്കൾ തന്നെ മുന്നിട്ടിറങ്ങുന്നതാണ് ഏറെ ദുഃഖകരം!

ബൗദ്ധിക അഭിപ്രായ ഭിന്നതകൾ സമുദായത്തിന് അനുഗ്രഹമായി ഭവിക്കുമെന്ന പ്രവാചക സന്ദേശം സമുദായത്തിലെ സാധാരണക്കാരേക്കാൾ അവർക്ക് മാർഗനിർദേശം നൽകാൻ ബാധ്യസ്ഥരായ മതപണ്ഡിത ശ്രേഷ്ഠർ ആദ്യം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. സഹോദര മുസ്‌ലിം സംഘടനകളെ പരസ്പരം കാഫിറും മുശ്‌രിക്കും മുബ്തദിഉം ഖുബൂരിയും വഹാബിയുമാക്കി മുദ്രകുത്തി മുസ്‌ലിം സമുദായത്തെ തെരുവിലേക്ക് വലിച്ചിഴച്ചുകൊണ്ടുവന്ന് സ്വയം അപമാനിതരാവുന്ന മതപണ്ഡിതർ ഹുനൈൻ യുദ്ധാനന്തരം ഗനീമത്ത് വിതരണവുമായി ബന്ധപ്പെട്ട് കപടവിശ്വാസികൾ മുഹാജിറുകൾക്കും അൻസാരികൾക്കുമിടയിൽ ബോധപൂർവം സൃഷ്ടിക്കാൻ ശ്രമിച്ച അന്തഃഛിദ്രത അവധാനതയോടും തത്ത്വദീക്ഷയോടും കൂടി പരിഹരിച്ചുകൊണ്ട് മുസ്‌ലിം സമൂഹത്തിന്റെ ഒത്തൊരുമയും യോജിപ്പും നിലനിർത്തിയ പ്രവാചകവര്യന്റെ പാത പിന്തുടർന്നെങ്കിൽ!

**കെ.കെ ഇബ്റാഹീം കുട്ടി മുവാറ്റുപുഴ**

## വെല്ലുവിളികൾ ഏറ്റെടുത്ത പ്രസ്ഥാനം

**"നിങ്ങൾ** വലിയ കളവുകൾ പറയുകയാണെങ്കിൽ അത് പറഞ്ഞുകൊണ്ടേയിരിക്കുക. ഒരു ദിനം ജനങ്ങൾ അത് സത്യമെന്ന് വിശ്വസിച്ചുകൊള്ളും" എന്നതാണ് ഹിറ്റ്ലറുടെ പ്രൊപഗണ്ട മന്ത്രിയായിരുന്നപോൾ ജോസഫ് ഗീബൽസിന്റെ സിദ്ധാന്തം. ജർമൻ ജനതയെ ആര്യന്മാരും അവരുടെ ശത്രുക്കളുമെന്ന രണ്ട് എതിർചേരികളാക്കാൻ ഗീബൽസിന് സാധിച്ചിട്ടുണ്ട്. ഇന്ന് അമേരിക്കൻ സാമ്രാജ്യത്വം വ്യാപകമായി ഉപയോഗിക്കുന്ന ആയുധവും സിദ്ധാന്തവുമാണ് ഇത്. ഇറാൻ ആണവായുധങ്ങൾ നിർമിക്കുന്നു എന്ന വലിയ നുണയാണ് ഇറാനെതിരെ പ്രചരിപ്പിക്കുന്നത്. ഇറാഖ്‌യുദ്ധം നടത്താൻ പറഞ്ഞ നുണകൾ ഒന്നൊന്നായി പൊളിഞ്ഞിരിക്കുകയാണ്. രാസായുധം, അൽഖാഇദ ബന്ധം അങ്ങനെ എന്തെല്ലാമായിരുന്നു!

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെയും സാമ്രാജ്യത്വം ഇത്തരം നുണകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിക്കെതിരെ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്ന തീവ്രവാദാരോപണവും ആ ഇനത്തിലാണ് പെടുന്നത്. കപട മതേതര സാംസ്കാരിക എഴുത്തുകാർ മലയാളത്തിലെ വാരികകളുടെയും പത്രങ്ങളുടെയും കോളങ്ങൾ വിഷം തുപ്പാനായി ഉപയോഗപ്പെടുത്തുകയാണ്. മറ്റൊരു വിഭാഗം തെരുവുകളിൽ അങ്ങാടിപ്പാട്ട് നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാം പഴകി പുളിച്ച പഴമ്പുരാണങ്ങൾ. ഇന്നും ഇസ്‌ലാമിക പ്രസ്ഥാനം ചോദിക്കുന്നു: ജമാഅത്തിനെതിരെ ഏതെങ്കിലും ഒരു കേസ് തീവ്രവാദത്തിന്റെ പേരിൽ, വർഗീയതയുടെ പേരിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കാണിച്ചുതരാൻ പറ്റുമോ? ഒരു പ്രവർത്തകനെങ്കിലും അത്തരം കേസുകളിൽ പ്രതിയാണോ? ഇന്നുവരെ അതിന് ഉത്തരം നൽകാൻ അവർക്കായില്ല. അപ്പോൾ ഒരു തെളിവുമില്ലാതെ വെറുതെ ബഹളം വെക്കുകയാണ്.

ഇസ്‌ലാമിക പ്രസ്ഥാനം ഇസ്‌ലാമിനെ പൂർണാർഥത്തിൽ ഉൾക്കൊള്ളുന്ന പ്രസ്ഥാനമാണ്. കേവലമൊരു ആൾക്കൂട്ടമാണ് ഈ പ്രസ്ഥാനമെങ്കിൽ ഒരു കൈ നോക്കാൻ അവർക്ക് പറ്റുമായിരുന്നു. നിസ്വാർഥമായി, അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ച് മുന്നേറുന്ന സാർഥവാഹക സംഘമാണ് ഈ പ്രസ്ഥാനം. ഇത്തരത്തിലുള്ള സംഘമായിരുന്നു സ്വഹാബിമാരും. അതുകൊണ്ടുതന്നെ പണത്തിനും അധികാരത്തിനും മറ്റു ഓഫറുകൾക്കു മുന്നിലും കണ്ണ് മഞ്ഞളിക്കുന്ന സംഘമല്ല ഇത്.

ഏതു തരം വെല്ലുവിളികളെയും നേരിടാൻ പ്രാപ്തമാണ് പ്രസ്ഥാനം. വെല്ലുവിളികളെ അത് ധൈര്യപൂർവം ഏറ്റെടുത്തിട്ടുണ്ട്. അത് പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടിയിട്ടേയുള്ളൂ എന്ന് വിമർശകർ മനസ്സിലാക്കുന്നത് നല്ലത്.

**എൻ.പി മുഹമ്മദ് ഫർഹാൻ**

## ഹമീദ് ചേന്ദമംഗല്ലൂരിന്റെ ജമാഅത്ത്പേടി

**ഇത്രനാൾ** ഹമീദ് ചേന്ദമംഗല്ലൂർ വാദിച്ചിരുന്നത്, ജമാഅത്തെ ഇസ്‌ലാമി കടുത്ത യാഥാസ്ഥിതിക പ്രസ്ഥാനമാണെന്നും ഇവർക്ക് പൊതുസമൂഹത്തിൽ യാതൊരു ഇടവും ഇല്ല എന്നുമായിരുന്നു. എന്നാൽ ഒരു പാട് സമയവും മഷിയും ചെലവാക്കി രചിച്ച ലേഖന പരമ്പകൾ വെള്ളത്തിൽ വരച്ച വരപോലെ എന്ന് സ്വയം സമ്മതിക്കുന്നതാണ് ഹമീദ് ചേന്ദമംഗല്ലൂരിന്റെ *മാതൃഭൂമി* ആഴ്ചപ്പതിപ്പിലെ ലേഖനം (2010 മെയ് 16).

ലേഖനത്തിൽ ഹമീദ് പറയുന്നത്, സോളിഡാരിറ്റി, *മാധ്യമം* ദിനപത്രം, *മാധ്യമം* ആഴ്ചപതിപ്പ്, വനിതാ വിഭാഗം എന്നിവയിലൂടെ വൻ സ്വാധീനമാണ് ജമാഅത്തെ ഇസ്‌ലാമിക്ക് പൊതുസമൂഹത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്നത് എന്നാണ്. ഹമീദിന്റെ കപട പ്രത്യയശാസ്ത്രത്തെ മലയാളി സമൂഹം പുറംകാലു കൊണ്ട് ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് തട്ടിത്തെറിപ്പിക്കുകയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും അതിന്റെ പോഷക ഘടകങ്ങളെയും നെഞ്ചേറ്റുകയും ചെയ്തതിന്റെ അമർഷം തീർക്കുകയാണ് ലേഖനത്തിലുടനീളം. ജമാഅത്തിനെ വിമർശിക്കുക എന്നതിനപ്പുറം മറ്റൊരു അജണ്ടയുമില്ലാത്ത ഹമീദ് സോളിഡാരിറ്റിയോട് സഹകരിക്കുന്ന ആക്ടിവിസ്റ്റുകളും *മാധ്യമ*ത്തിൽ എഴുതുന്ന ബുദ്ധിജീവികളും കാര്യങ്ങൾ ശരിക്കും മനസ്സിലാക്കാത്തവരാണെന്ന് പറയുന്നു. കേരളത്തിൽ എല്ലാവരും ജമാഅത്ത് വിരോധം എന്ന മാനസികരോഗം ഉള്ളവരാണെന്ന സങ്കൽപം കൈയൊഴിയുന്നതായിരിക്കും ബുദ്ധി. പൊതുസമൂഹത്തിൽ ജമാഅത്തിന് ഒരു സ്വാധീനവുമില്ല എന്ന് പറഞ്ഞ് നടന്നിരുന്ന ഒരാൾ, ജമാഅത്തിന് പൊതുസമൂഹത്തിലുള്ള വലിയ സ്വാധീനം കണ്ട് ഭയപ്പെട്ട് തൂലിക ചലിപ്പിക്കേണ്ടിവരുന്നത് ചരിത്രത്തിലെ വലിയൊരു വഴിത്തിരിവാണ്.

**കെ.എ സാജിദ് അജ്മൽ കരിമ്പ**

## മസ്ജിദുൽ അഖ്സ്വായും ഖുബ്ബത്തുസ്സഖ്റയും

**മെയ്** ഒന്നിലെ ലക്കത്തിൽ 'മസ്ജിദുൽ അഖ്സ്വായുടെ ഭാവി' എന്ന മുഖക്കുറിപ്പിൽ ഇങ്ങനെ എഴുതുന്നു: "റോമാ സാമ്രാജ്യത്തിൽനിന്ന് ഫലസ്തീൻ മോചിപ്പിച്ച ഖലീഫാ ഉമർ(റ) ജറൂസലം സന്ദർശിച്ചപ്പോൾ അവിടെ കണ്ടെത്തിയ, അന്ത്യപ്രവാചകൻ ആകാശാരോഹണം ആരംഭിച്ചതെന്നറിയപ്പെടുന്ന വിശാലമായ പാറയിൽ അദ്ദേഹത്തിന്റെ ഉത്തരവനുസരിച്ച് നിർമിതമായ പള്ളിയാണ് ഇപ്പോഴത്തെ മസ്ജിദുൽ അഖ്സ്വാ."

യഥാർഥത്തിൽ മസ്ജിദുൽ അഖ്സ്വാ നേരത്തെത്തന്നെ അവിടെ ഉണ്ടായിരുന്നല്ലോ. അതുകൊണ്ടാണ് സൂറത്തുൽ ഇസ്രാഇൽ: "തന്റെ ദാസനെ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അഖ്സ്വായിലേക്ക് നിശാ യാത്ര ചെയ്യിച്ചവൻ എത്ര പരിശുദ്ധൻ" എന്ന് പറഞ്ഞത്. ഖലീഫാ ഉമർ പണിയിപ്പിച്ചത് ഖുബ്ബത്തുസ്സഖ്റ ആയിരിക്കില്ലേ? *(കുറിപ്പുകാരൻ പറഞ്ഞതാണ് ശരി– എഡിറ്റർ)*

തുടർന്ന്: "ആഗോള മുസ്‌ലിം ജനസാമാന്യത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള പല കുതന്ത്രങ്ങളും സയണിസ്റ്റുകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. മസ്ജിദുൽ അഖ്സ്വാ എന്ന പേരിൽ ഇന്ന് മാധ്യമങ്ങളിലൂടെയും കലണ്ടറുകളിലൂടെയും മറ്റും അൽഅഖ്സ്വാ പള്ളിക്ക് പകരം 250 മീറ്ററോളം അകലെയുള്ള മസ്ജിദു ഖുബ്ബത്തുസ്സഖ്റയുടെ ഫോട്ടോ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് അതിന്റെ ഭാഗമാണ്. കേടുപാടൊന്നുമില്ലാതെ തലയെടുപ്പോടെ നിൽക്കുന്ന ഖുബ്ബത്തുസ്സഖ്റ കാട്ടി യഥാർഥ മസ്ജിദുൽ അഖ്സ്വാ വിസ്മൃതമാക്കുകയും നശീകരണ നടപടികൾ തുടരുകയുമാണ് തന്ത്രം. മുസ്‌ലിംകളിൽ ചിലരെങ്കിലും ഈ തന്ത്രത്തിൽ വീണുപോയിട്ടുണ്ട്" എന്നും എഴുതിയിരിക്കുന്നു. വസ്തുത ഇതായിരിക്കെ, ഖുബ്ബത്തുസ്സഖ്റയുടെ ചിത്രം (മസ്ജിദുൽ അഖ്സ്വായാണെന്ന ധാരണയിൽ) ചുമരുകളിൽ തൂക്കുന്നത് നമ്മൾ തന്നെയല്ലേ? യഥാർഥ മസ്ജിദുൽ അഖ്സ്വായുടെ ചിത്രം നാം എന്തുകൊണ്ട് പുറത്ത് വിട്ടില്ല?

**അബൂ ജാസിം കരുവാരക്കുണ്ട്**

## ചുരുക്കെഴുത്ത്

**ഖാദിയാനിസത്തിന്റെ** പൊള്ളത്തരങ്ങൾ തിരിച്ചറിയാൻ പ്രയോജനപ്പെട്ടു അബ്ദുർറഹ്മാൻ കൊടിയത്തൂരിന്റെ ലേഖനം (ലക്കം:47). ഇസ്‌ലാമിനെയും നവോത്ഥാന പ്രസ്ഥാനങ്ങളെയും തകർക്കാനുള്ള അവരുടെ ശ്രമങ്ങൾക്ക് കൂട്ടുനിൽക്കുന്ന മത– രാഷ്ട്രീയ സംഘടനകൾ ഇവരുടെ ചരിത്രം ഒരാവർത്തി വായിച്ചു നോക്കണം.

**അശ്റഫ് പാടലടുക്ക**